# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5737

## 25.05.2017 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ട്

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | പതിമൂന്നാം നിയമസഭയിലെ അംഗങ്ങൾ യഥാസമയം നിർദ്ദേശിച്ചതും എന്നാൽ ഭരണാനുമതി ലഭിക്കാത്തതുമായ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഇപ്പോൾ ഭരണാനുമതി ലഭിക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ഒരു സാമ്പത്തിക വർഷം നിയമസഭാ സാമാജികർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് അതേ സാമ്പത്തിക വർഷം തന്നെ ധനാനുമതിയും ഭരണാനുമതിയും നൽകുന്ന രീതിയിലാണ് ആസ്തി വികസന പദ്ധതിയ്ക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ, 13-ാം കേരള നിയമസഭയിലെ അംഗങ്ങൾ ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി യഥാസമയം നിർദ്ദേശിച്ചതും ഭരണാനുമതി ലഭിക്കാത്തതുമായ പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷത്തിലും പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. സർക്കുലർ നം. 33/2016/ധന. തീയതി 12.04.2016 പ്രകാരം 2015-16 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ വർക്കുകളായി പ്രസ്തുത പ്രവൃത്തികളെ പരിഗണിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ ധനാനുമതിയും ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള പുതുക്കിയ കാലപരിധി 31.03.2017 ൽ അവസാനിച്ചു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ? | |

Sd/-

സെക്ഷൻ ഓഫീസർ